പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : 603 — 29.07.2015-ൽ മറുപടിക്ക്.

# ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ. എം.എ.വാഹീദ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.കെ. മുരളീധരൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് നവീകരിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | : (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;<br><br>(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | : (ബി)യും (സി)യും) സ്വന്തമായി സ്ഥലവും കെട്ടിടവും ഒരുക്കിത്തരുന്ന സ്ഥലങ്ങളിൽ പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി 2015-16 സാമ്പത്തിക വർഷത്തിൽ ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനായി 27.28 കോടി രൂപയ്ക്ക് ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ അഗ്നിശമന സേനാംഗങ്ങളുടെ സുരക്ഷയ്ക്കും അപകടത്തിൽപ്പെടുന്നവരെ രക്ഷപ്പെടുത്തുന്നതിനും ഉതകുന്ന ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിലേക്ക് അടിയന്തിര സഹായമായി 175.63 കോടി രൂപയ്ക്കുള്ള ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. ഗതാഗതകുരുക്ക് മൂലം അപകട സ്ഥലങ്ങളിലെത്താൻ കാലതാമസം വരുന്നുവെന്ന വസ്തുത പരിഗണിച്ച്, അപകടസ്ഥലത്ത് ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ എത്തിച്ചേരുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ സാറ്റലൈറ്റ് ഫയർ ഔട്ട് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. നവീകരണത്തിന്റെ ഭാഗമായി കൂടുതൽ അഗ്നിശമന ഉപകരണങ്ങളും ആധുനിക വാഹനങ്ങളും വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആധുനികവത്കരണ പ്രവർത്തനത്തിന്റെ ഭാഗമായി ഇ-ഗവേണൻസ് നടപ്പിലാക്കുന്നതുവഴി ബഹുനിലകെട്ടിടങ്ങൾക്ക് നിരാക്ഷേപസാക്ഷ്യപത്രം ലഭിക്കുന്നതിനുള്ള അപേക്ഷ ഓൺ ലൈൻ മുഖാന്തിരം സമർപ്പിക്കാൻ പര്യാപ്തമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. അഗ്നിശമന സേനാംഗങ്ങൾക്ക് സ്വയം രക്ഷയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

VKBeena

സെക്ഷൻ ഓഫീസർ